# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 41 | 07/08/2017-ൽ മറുപടിയ്ക്ക്

## "ലൈഫ്" ഭവന പദ്ധതി

| ചോദ്യം<br>ശ്രീമതി. വീണാ ജോർജ്ജ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ പുതിയ പദ്ധതിയായ "ലൈഫ്"ഭവന പദ്ധതിയിൽ ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും ഇതുവരെ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | അന്തിമ ലിസ്റ്റ് ലഭ്യമായിട്ടില്ല. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത് നാലു വിഭാഗങ്ങളിൽപ്പെട്ടവരെ യാണ്.<br>1. ഭൂമിയുള്ള ഭവനരഹിതർ<br>2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ ഗുണഭോക്താക്കൾ.<br>3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനം ഉള്ളവർ<br>4. ഭൂരഹിത ഭവനരഹിതർ<br>ഇതിൽ,<br>◦ മാനസിക വെല്ലുവിളി നേരിടുന്നവർ/അന്ധർ/ ശാരീരിക തളർച്ച സംഭവിച്ചവർ |

| | | | |
|---|---|---|---|
| | | | ◦ അഗതികൾ<br>◦ 40%-ത്തിന് മേൽ അംഗവൈകല്യമുള്ളവർ<br>◦ ഭിന്നലിംഗക്കാർ<br>◦ ഗുരുതരമാരകരോഗങ്ങളുള്ളവർ<br>◦ അവിവാഹിതരായ അമ്മമാർ<br>◦ രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ<br>◦ വിധവകൾ<br>◦ HIV ബാധിതർ<br>എന്നിവർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഏജൻസികളെയോ, മറ്റ് പൊതുസംരംഭകരെയോ ചുമതല ഏല്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (സി) | ലൈഫ് പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ, കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിച്ചാണ് നടത്തിയിട്ടുള്ളത്. വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനും വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനും വേണ്ട സാങ്കേതിക സഹായങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപന തലത്തിൽ നൽകുന്നതിന് തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ